**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 359** **28-10-2021 - ൽ മറുപടിയ്ക്ക്**

**സിമന്റ് വില വര്‍ദ്ധന മൂലം നിര്‍മ്മാണ മേഖലയിലുണ്ടായ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സിമന്റ് കമ്പനികള്‍ അന്യായമായി സിമന്റ് വില വര്‍ദ്ധിപ്പിച്ച് നിര്‍മ്മാണ മേഖലയെ പ്രതിസന്ധിയിലാക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. കേരളത്തിലെ സിമന്റ് വിപണിയുടെ 95% വും നിയന്ത്രിക്കുന്നത് സംസ്ഥാനത്തിന് പുറത്തുള്ള സ്വകാര്യ സിമന്റ് ഉദ്പാദകരാണ്. കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയും അയല്‍ സംസ്ഥാനങ്ങളില്‍ നിന്നും സിമന്റ് റോഡ്/റയില്‍ മാര്‍ഗ്ഗം എത്തിക്കേണ്ടി വരുന്നതും സിമന്റിന്റെ വില വര്‍ദ്ധനയ്ക്ക് കാരണമാകാറുണ്ട്. സംസ്ഥാനത്ത് നിര്‍മ്മാണ വസ്തുക്കളുടെ വിലക്കയറ്റം പിടിച്ച് നിര്‍ത്തുന്നതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട ഉല്‍പ്പാദകരുടെയും വിതരണക്കാരുടെയും യോഗം സര്‍ക്കാര്‍ തലത്തില്‍ വിളിച്ച് ആവശ്യമായ നിര്‍ദ്ദേശങ്ങള്‍ നല്‍കിയിട്ടുണ്ട്. ഉല്‍പ്പാദന വിപണന ചെലവുകളിലുണ്ടായ വര്‍ദ്ധനവ് കണക്കിലെടുത്ത് ആണ് വില കൂട്ടിയതെന്ന് ഉല്‍പ്പാദകര്‍ പ്രസ്തുത യോഗത്തില്‍ അഭിപ്രായപ്പെട്ടിട്ടുണ്ട്. പൊതുമേഖലയിലുള്ള മലബാര്‍ സിമന്റ്സ് ലിമിറ്റഡ് നിലവിലുള്ള കമ്പോള വിലയേക്കാള്‍ കുറഞ്ഞ നിരക്കിലാണ് സിമന്റ് വിപണനം നടത്തിവരുന്നത്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങള്‍ വഴി കൂടുതല്‍ സിമന്റ് ഉദ്പാദിപ്പിച്ച് ഈ മേഖലയില്‍ കൂടുതല്‍ ഇടപെടല്‍ നടത്തുവാനാണ് സര്‍ക്കാര്‍ ലക്ഷ്യമിടുന്നത്. |
| (ബി) | എങ്കില്‍ ഈ പ്രതിസന്ധി എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. കേരളത്തിലെ സിമന്റ് വിപണിയുടെ 95% വും നിയന്ത്രിക്കുന്നത് സംസ്ഥാനത്തിന് പുറത്തുള്ള സ്വകാര്യ സിമന്റ് ഉദ്പാദകരാണ്. കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയും അയല്‍ സംസ്ഥാനങ്ങളില്‍ നിന്നും സിമന്റ് റോഡ്/റയില്‍ മാര്‍ഗ്ഗം എത്തിക്കേണ്ടി വരുന്നതും സിമന്റിന്റെ വില വര്‍ദ്ധനയ്ക്ക് കാരണമാകാറുണ്ട്. സംസ്ഥാനത്ത് നിര്‍മ്മാണ വസ്തുക്കളുടെ വിലക്കയറ്റം പിടിച്ച് നിര്‍ത്തുന്നതിനായി |

| | | | |
|---|---|---|---|
| | | | ഈ മേഖലയുമായി ബന്ധപ്പെട്ട ഉൽപ്പാദകരുടെയും വിതരണക്കാരുടെയും യോഗം സർക്കാർ തലത്തിൽ വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഉൽപ്പാദന വിപണന ചെലവുകളിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് ആണ് വില കൂട്ടിയതെന്ന് ഉൽപ്പാദകർ പ്രസ്തുത യോഗത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. പൊതുമേഖലയിലുള്ള മലബാർ സിമന്റ്സ് ലിമിറ്റഡ് നിലവിലുള്ള കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് സിമന്റ് വിപണനം നടത്തിവരുന്നത്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സിമന്റ് ഉദ്പാദിപ്പിച്ച് ഈ മേഖലയിൽ കൂടുതൽ ഇടപെടൽ നടത്തുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) | മലബാർ സിമന്റ്സിന്റെയും ട്രാവൻകൂർ സിമന്റ്സിന്റെയും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും വിപണന സംവിധാനം വിപുലമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | വ്യവസായ വകുപ്പിന്റെ അധീനതയിൽ സിമൻറ് ഉത്പാദിപ്പിക്കുന്ന മലബാർ സിമന്റസിന്റെ ഉത്പാദനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാവൻകൂർ സിമന്റ്സിൽ ഗ്രേ സിമന്റിന്റെ ഉത്പാദനം ആരംഭിക്കുന്നതിനും നിലവിലുള്ള വൈറ്റ് സിമന്റ്, വാൾപുട്ടി എന്നിവയുടെ ഉദ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ